# ഒരു രാത്രിമഴയുടെ ഓർമ്മകൾ

ബിനീഷ് പിലാശ്ശേരി



ഒരു രാത്രിമഴയുടെ ഓർമ്മകൾ

ബിനീഷ് പിലാശ്ശേരി
(മലയാളം: ചെറുകഥ)

© 2026, Bineesh Pilassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Raindrops on Water, a photograph by Leon Brooks. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഒരു രാത്രിമഴയുടെ ഓർമ്മകൾ

കൊയിലാണ്ടി പ്രദേശത്തു നിന്നും വന്നതിനാൽ മൂപ്പരെ, ‘കൊയ്ലാണ്ടി’ എന്നാണ് ഗ്രാമത്തിലാകെ അറിയപ്പെട്ടിരുന്നത്. പിന്നെയത് ‘കുയ്ലാണ്ടി’യായി. ഞങ്ങൾക്ക് ‘കുയ്ലാണ്ടി പെയ്യപ്പനാ’ണ്. പെയ്യപ്പൻ എന്നു വെച്ചാൽ വല്യച്ഛൻ.

ആ കാലത്തൊക്കെ തേങ്ങയരച്ച കൂട്ടാനുണ്ടാക്കുന്നതും വറവിടുന്നതും ദിവസവും ചായക്കടിയുണ്ടാക്കുന്നതുമൊക്കെ കുയ്ലാണ്ടി പെയ്യപ്പന്റെ വീട്ടിൽ മാത്രമാണ്. മാളുവല്യമ്മയുടെ കൈപ്പുണ്യം അസാധ്യമായിരുന്നു. കുറേ ഊട്ടിയിട്ടുണ്ടെന്നെ.

ന്യൂനൻ യാതൊരു കരുണയുമില്ലാതെ മർദ്ദിച്ചു കൊണ്ടേയിരിക്കുകയാണ്. നാലഞ്ചു ദിവസമായി.

മഴയത്ത്, അതും രാത്രിയിൽ, ഇറങ്ങി നടക്കുകയെന്നാൽ അത്ര സുഖമുള്ള ഏർപ്പാടൊന്നുമല്ല. പക്ഷേ, ഇറങ്ങാതിരിക്കാനാവില്ല. കർമ്മമാണ്; ധർമ്മവും.

ഏകദേശം ഒരു മണി കഴിഞ്ഞു കാണും. കുടയും ചൂടി റോഡുവക്കിലൂടെ നടക്കുകയാണ്. കെട്ടിടത്തിന്റെ വരാന്തയിലൊരു അനക്കം. അങ്ങോട്ടു ചെന്നു. വെളിച്ചക്കുറവുണ്ടെങ്കിലും കാണാം. വിശാലമായി മലർന്നു കിടക്കുകയാണ് ഒരു യുവാവ്. നെഞ്ചോളം വളർന്നു കിടക്കുന്ന താടി, വണ്ണിച്ച കൈകാലുകൾ. മുണ്ടാണു വേഷം. ആകെ മൊത്തം ഒരു ടിപ്പർ ഡ്രൈവറെന്നു തോന്നിപ്പിക്കുന്ന രൂപം.

എന്തെങ്കിലുമാവട്ടെ. നമുക്കു ശല്യമൊന്നുമില്ലല്ലോ എന്നു വിചാരിച്ച് തിരിച്ചു നടക്കാൻ പുറപ്പെട്ടപ്പോഴാണതു കണ്ണിൽപ്പെട്ടത്; ചവിട്ടുപടിയിൽ അലസമായി കമഴ്ന്നു കിടക്കുന്ന ചെരുപ്പുകളുടെ മറവിൽ ഒരു കെട്ട് നോട്ട്.

ആകെ വെപ്രാളമായി. ഒരു നിമിഷം വീട്ടിലേക്ക് പാഞ്ഞു; ‘മനുഷ്യാ... മോന്റെ ടീച്ചറ് മെസേജ് വിട്ട്ണ്ട്. രെണ്ട് മാസത്തെ വണ്ടിക്കൂലി തന്ന്ല്ലാന്ന് പറഞ്ഞ്...’ മുതൽ, ഗ്യാസിന്റെയും കറണ്ടിന്റെയും EMI-യുടെയുമൊക്കെ കാര്യങ്ങൾ മനസ്സിൽ തെളിഞ്ഞു മറഞ്ഞു.

പണത്തെ ഒന്നു കൂടി നോക്കിയ ശേഷം അവിടെ നിന്നിറങ്ങി.

മൂന്നിലോ നാലിലോ പഠിക്കുമ്പോഴാണത്. കുയ്ലാണ്ടി പെയ്യപ്പന്റെ വീട്ടിലെ മേശയ്ക്കു മുകളിൽ ഒരു പുസ്തകം. തുറന്നു നോക്കി. റേഷൻ കാർഡാണ്. അകത്ത് പത്തു രൂപയുടെ രണ്ടു പുത്തൻ നോട്ടുകൾ. അതിൽ നിന്ന് ഒന്നെടുത്തു നിവർത്തി.

‘കുട്ടാ..., സായെ തായ്യേടി പൊക്കറാ...’

(‘കുട്ടാ..., ചായ കുട്ച്ച്ട്ട് പോയ്ക്കോടാ...’) പിൻമുറ്റത്തെ മണ്ണടുപ്പിന്റെ മുന്നിൽ കൊരണ്ടിപ്പലകയിൽ കുത്തിയിരുന്ന് ഓട്ടടയുണ്ടാക്കുന്ന മാളുവല്യമ്മ വിളിച്ചു പറയുന്നതു കേട്ടു. കുയ്ലാണ്ടി പെയ്യപ്പനുമുണ്ട് ഒപ്പം.

ഞാൻ നിന്നില്ല; ഓടി...

പേമാരി കുറച്ചൊന്നു ശമിച്ചു. ഗജവീരന്മാരെ പോലെ കുലുങ്ങിയിളകി സാവധാനം നീങ്ങുന്ന സ്ലീപ്പർ ബസ്സുകൾക്കും കണ്ടെയ്നർ ലോറികൾക്കും അരികിലൂടെ ഒരോന്നോർത്തു നടന്നു.

അഞ്ഞൂറിന്റെ നോട്ടാണ്. പത്തെണ്ണമെങ്കിലും ചുരുങ്ങിയതുണ്ടാവണം. ഫോണിന്റെ അവസ്ഥയോർത്തു. ആറു കൊല്ലമായി വാങ്ങിയിട്ട്. പലവട്ടം വീണും മഴ നനഞ്ഞും മൃതപ്രായനായിട്ടുണ്ട്.

‘ക’ എഴുതിയാൽ ‘യ’ എന്നും

‘ത’ എഴുതിയാൽ ‘2’ എന്നുമാണ് തെളിയാറ്.

ചെരുപ്പിന്റെ മറവിലെ അയ്യായിരത്തിൽ അത്ര തന്നെ സംഘടിപ്പിച്ചാൽ നല്ലതൊന്നു വാങ്ങാം... പക്ഷേ, ഈ പരവേശം., ഉള്ളിലെ കാളിച്ച, എന്തിനെന്നറിയാത്ത വെപ്രാളം..., അതു മാറുന്നില്ലല്ലോ!?

‘ന്നാ., ഒന്നൂടി തിന്നോ...’ മാളുവല്യമ്മ പിഞ്ഞാണത്തിലേക്ക് ഒരു ഓട്ടട കൂടി വെച്ചുതന്നു. തലേന്നത്തെ മീൻകറിയിൽ മുക്കി ഓട്ടടക്കഷ്ണം വായിലേക്കു വെക്കുമ്പോൾ കുഞ്ഞിക്കൈകൾ വിറച്ചു കാണും.

അന്നു രാത്രി ഉറക്കം വന്നില്ല. ഓലമേൽക്കൂരയ്ക്കു മുകളിൽ ന്യൂനനാണോ എന്നറിയില്ല, തകർത്തു പെയ്യുന്നുണ്ടായിരുന്നു.

മനസ്സ് അശാന്തമായി. ശൂന്യമായ വലതു ഭാഗത്തു നിന്നും ചുമരിലേക്കു തിരിഞ്ഞു കിടന്നു.

നടവഴിയുടെ വശങ്ങളിൽ കറ്റാർവാഴയോടു സാമ്യമുള്ള വലിയ പോളയിലകളുള്ള ആ ചെടിയിൽ മഴവെള്ളം വീഴരുതേ എന്നു പ്രാർത്ഥിച്ചു.

പിന്നെയെപ്പോഴോ ഉറങ്ങിപ്പോയി.

മഴയെപ്പോലെ പരവേശവും തീരെ ഒഴിഞ്ഞെന്നു തോന്നുന്നു. സമയം രണ്ടു കഴിഞ്ഞു. ആ കെട്ടിടവരാന്ത ലക്ഷ്യമാക്കി വീണ്ടും നടന്നു. ആളൊന്നു ചരിഞ്ഞിട്ടുണ്ട്.

ചേട്ടാ... എന്ന് പല തവണ വിളിച്ചു. ഗംഭീരമായ കൂർക്കം വലിയല്ലാതെ ഭീകരന് വലിയ അനക്കമൊന്നുമില്ല. നിലത്തു വീണ താടിക്കാടു മാത്രം ഇടയ്ക്ക് ഇളകുന്നുണ്ട്. പടിഞ്ഞാറൻ കാറ്റു കൊണ്ടിട്ടാവാം.

പതുക്കെ കുനിഞ്ഞ് നോട്ടു കെട്ടെടുത്തു. അടുത്തു തന്നെ നിർത്തിയിട്ടിരുന്ന വണ്ടിയുടേതെന്നു തോന്നിയ ചാവിയും.

റോയൽ എൻഫീൽഡാണ്. ആൾക്കു ചേർന്ന വണ്ടി തന്നെ.

രണ്ടും ബാഗിലേക്കിട്ടു. പതുക്കെ നടന്നു.

ആ രാമഴയുടെ പിറ്റേന്ന് പോളച്ചെടികളെ ഉപദ്രവിച്ചതിനു കണക്കില്ല. അനേകം ചെടികൾക്കിടയിൽ ഏതിലാണതു വെച്ചതെന്നു മറന്നു പോയിരുന്നു.

ഏകദേശം ആ നാട്ടിൽ നിന്ന് ചുരം കയറും വരെയുള്ള രണ്ടു വർഷത്തോളം കാലം ആ തിരച്ചിൽ തുടർന്നു.

തേരട്ടയും ഒച്ചും ചിലയിനം പുഴുക്കുഞ്ഞുങ്ങളുമല്ലാതെ തിളക്കവും പിടപ്പുമുള്ള ആ പത്തു രൂപ മാത്രം കിട്ടിയില്ല.

കുറച്ചൊന്നു വിശ്രമിക്കാനായി അടുത്തുള്ള പീടികവരാന്തയിലിരിക്കുമ്പോഴാണ് ഫോൺ റിങ് ചെയ്യുന്നത്.

അതികായന്റെ കൂട്ടുകാരാണത്രെ. അവിടെ എഴുതിവെച്ച കുറിപ്പ് കണ്ടു വിളിച്ചതാണ്.

അവിടേക്കു നടന്നു.

അവർ രണ്ടു പേരുണ്ട്. കൂറ്റനെ ഉണർത്താനും ഉയർത്താനുമുള്ള കഠിന പ്രയത്നത്തിലാണ്.

ചാവിയും പണവും കൊടുത്തു. അവരത് എണ്ണി നോക്കുമ്പോൾ തന്നെ എന്നോട്, ഭക്ഷണം കഴിച്ചോ എന്നു ചോദിച്ചു. കോഴിക്കോട്ടുകാരുടെ ഒരു സ്ഥിരം ശൈലിയാണത്. വയറു നിറച്ചിട്ടേയുള്ളൂ അവർക്കു മറ്റെന്തും.

എണ്ണിത്തീർത്തപ്പോൾ അഞ്ഞൂറിന്റെ നാൽപ്പത്തെട്ടെണ്ണമുണ്ട്. അതിലുണ്ടായിരുന്ന ബാക്കി പന്ത്രണ്ടെണ്ണമാണ് ഈ മലർന്നു ശയിക്കുന്നതെന്ന് അവർ പറഞ്ഞറിഞ്ഞു.

അവർക്കു കൈ കൊടുത്ത് ഇറങ്ങി നടന്നു.

കാലങ്ങൾക്കു ശേഷം ആ പോളയിലകൾക്കിടയിൽ നിന്നും ഒട്ടും നനയാത്ത, മുഷിയാത്ത, പത്തു രൂപ കയ്യിൽ തടഞ്ഞു. ആരുമറിയാതെ മേശപ്പുറത്തെ റേഷൻ കാർഡിനുള്ളിൽ ഞാനതു വെച്ചു. പിന്നെ പതുക്കെ നടന്നു. ഓടാൻ തോന്നുന്നില്ല.

പഴയ പോലെ അനിയന്ത്രിതമായ നെഞ്ചിടിപ്പില്ല, പരവേശമില്ല, കുറ്റബോധവുമില്ല.


പൊടിച്ചാറ്റലേറ്റു നടക്കുന്നതിനിടെ സമയം നോക്കാനായി ഫോണെടുത്തു. നീലയും ചുവപ്പും വരകൾ താഴോട്ടു വീണ ഡിസ്പ്ലെയും വക്കും മൂലയും പൊട്ടിപ്പൊളിഞ്ഞ സ്ക്രീനും എന്നെ നോക്കി പല്ലിളിക്കുന്ന പോലെ തോന്നി.

പിന്നിൽ നിന്നും കുയ്ലാണ്ടി പെയ്യപ്പന്റെ കൂടെയിരുന്ന് ചായക്കടിയുണ്ടാക്കുന്ന മാളുവല്യമ്മയുടെ വിളി കാതിൽ മുഴങ്ങി:

‘കുട്ടാ..., ചായ കുട്ച്ച്ട്ട് പോയ്ക്കോടാ...’

□

# ബിനീഷ് പിലാശ്ശേരി



1986-ൽ കോഴിക്കോട്, ഫറോക്കിലെ കൊടക്കല്ലുപറമ്പിൽ ജനനം. കോഴിക്കോടും തുടർന്ന്, വയനാട്ടിലെ സുൽത്താൻ ബത്തേരിയിലുമായി സ്കൂൾപഠനം. നിലവിൽ കോഴിക്കോട്, കുന്ദമംഗലത്തിനടുത്ത് പിലാശ്ശേരിയിൽ സകുടുംബം സ്ഥിരതാമസം. ULCCS എന്ന കമ്പനിയിൽ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നു.

മാതാപിതാക്കൾ: ബാലൻ, തങ്കമണി.
ഭാര്യ: ജിഷ.
മകൻ: ശിവതേജ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014